നം. എ. ഡി.എൽ.(2)19305/05

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 28/05/2005

സർക്കുലർ നമ്പർ. 15/2005

വിഷയം:- സഹകരണം 2001-ലെ കാർഷിക കടക്കാർ (താൽകാലികാശ്വാസം) ആക്ട് - കാർഷിക കടങ്ങൾക്ക് മൊറട്ടോറിയവും, പലിശയിളവും-ആഡിറ്റ് വേളയിൽ കരുതൽ വയ്ക്കൽ- സ്വീകരിക്കേണ്ട നടപടികൾ- സംബന്ധിച്ച്.

സൂചന:- 1. സർക്കുലർ നമ്പർ. 25/2004

2. ജി. ഒ (എം. എസ്)310/04/ റവന്യു തീയതി :15/10/2004

3. ഈ ഓഫീസിലെ 29/04/2001 ലെ സി. ജി. (2) 24496/04 നമ്പർ പുറത്തെഴുത്ത്

2001-ലെ കേരള കാർഷിക കടക്കാർ താൽക്കാലിക ആശ്വാസ ആക്ടിന്റെ തുടർച്ചയായി 23/01/2004 മുതൽ ഒരു വർഷത്തേയ്ക്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് മൊറട്ടോറിയവും ടി കാലയളവിൽ കാർഷികവായ്പയ്ക്ക് അടയ്ക്കാനുള്ള പലിശയും പിഴപലിശയും സംഘത്തിന് സർക്കാർ റീ ഇംപേഴ്സ് ചെയ്ത് നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സൂചന (2) പ്രകാരം, വയനാട് ജില്ലയ്കുള്ള സ്പെഷൽ പാക്കേജ് പദ്ധതി അനുസരിച്ച് 50.000/- രൂപവരെയുള്ള കാർഷിക വായ്പകൾക്ക് 2000- മാർച്ച് 31-ന് ശേഷം 5 വർഷത്തേയ്ക്ക് പലിശയിളവ് ആനുകൂല്യം നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സൂചന(3) പ്രകാരം 29/12/2001-ന് മുൻമ്പ് എടുത്തതും 29/01/2004-ൽ നിലനിൽക്കുന്നതുമായ വായ്പകൾക്കും ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വയനാട് ജില്ലയൊഴികെയുള്ള ജില്ലകളിലെ കർഷകർക്ക് 23/01/2004 മുതൽ 1 വർഷത്തേയ്ക്ക് അവരെടുത്തിട്ടുള്ള കാർഷികവായ്പയ്ക്ക് മൊറട്ടോറിയം അനുവദിച്ചിട്ടുള്ളതിനാലും, ടി കാലയളവിലെ പലിശയും പിഴപലിശയും സർക്കാർ റീഇംപേഴ്സ് ചെയ്ത് നൽകുമെന്നതിനാലും ടി തുക വായ്പക്കാരന്റെ കണക്കിൽ വരവു വച്ച ശേഷം സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി റിപ്പോർട്ടിൽ കാണിക്കേണ്ടതും ടി പലിശ തുകയ്ക്ക് ആഡിറ്റിൽ പ്രത്യേക കരുതൽ വയ്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

വയനാട് ജില്ലയിൽ സൂചന(2) പ്രകാരം പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് പദ്ധതി അനുസരിച്ച് 01/04/ 2001 മുതൽ 31/03/2008 വരെയുള്ള അഞ്ചുവർഷത്തെ പലിശ ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ ടി തുക സർക്കാരിൽനിന്ന് ലഭിക്കാനുള്ളതായി സംഘം കണക്കുകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയശേഷം ടി തുക സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി ആഡിറ്റിൽ പ്രത്യേകം റിസർവ് വയ്ക്കുന്നതിൽ നിന്നും

ഒഴിവാക്കേണ്ടതാണ്. ആഡിറ്റ് കഴിഞ്ഞ സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുള്ള സംഘങ്ങളിൽ പ്രത്യേക പാക്കേജ് കാലയളവിലെ ആഡിറ്റാണ് നടക്കുന്നതെങ്കിൽ ആ വർഷത്തെ ആഡിറ്റിൽ മുൻ വർഷത്തെ പലിശ /പിഴപലിശ എന്നീയിനങ്ങൾ സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി കാണിച്ചിട്ടുള്ള തുക അതാതു വർഷത്തെ ആഡിറ്റിലെ റിസർവിൽ നിന്നും നീക്കാവുന്നതാണ്.

എന്നാൽ സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി കാണിച്ചിട്ടുള്ള തുകയിൽ ഇതിനകം അടച്ചു തീർത്ത വായ്പകൾക്ക് ടി കാലയളവിലേയ്ക്ക് അർഹതപ്പെട്ട തുക വായ്പക്കാരന് തിരികെ നൽകുകയോ ടിയാന് സംഘത്തിലുള്ള മറ്റ് വായ്പകളിൽ തട്ടിക്കിഴിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ അത്തരം കേസുകൾക്ക് പ്രത്യേക റിസർവ് വയ്കേണ്ടതാണ്.

വായ്പകൾ തിരിച്ചടയ്കുന്നതിന് മൊറട്ടോറിയവും പലിശയിളവും അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ തിരിച്ചടവും കുറവുവന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ജില്ലാ സഹകരണബാങ്കുകളിലെ കുടിശ്ശിക വർദ്ധിക്കുന്നതിനും, നിഷ്ക്രിയ ആസ്തികളിൽ ഉൾപ്പെടുത്തി കരുതൽ വയ്കേണ്ടി വരുന്നതു കാരണവും, മാനനഷ്ടക്കണക്കുപ്രകാരം ജില്ലാസഹകരണബാങ്കുകൾ നഷ്ടത്തിലാവാൻ സാദ്ധ്യതയുള്ളതായും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യം ഒഴിവാക്കുന്നതിന് പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ ജില്ലാ സഹകരണബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ കാർഷിക കടാശ്വാസ നിയമപ്രകാരം ആനുകൂല്യം അംഗങ്ങൾക്ക് അനുവദിച്ചത് കാരണം അടയ്കാൻ കഴിയാതിരുന്നത്രയും പലിശയും വായ്പതുകയും ജില്ലാസഹകരണബാങ്കുകളുടെ വാർഷിക അക്കൗണ്ടിൽ കുടിശ്ശികയായി പരിഗണിക്കേണ്ടതില്ലെന്നും നിർദ്ദേശിക്കുന്നു.

ഇപ്രകാരം സർക്കാരിൽ നിന്നും കിട്ടേണ്ടതുക റിപ്പോർട്ടിൽ ചേർക്കുന്നതും കരുതൽ വയ്ക്കുന്നതും നീക്കം ചെയ്യുന്നതും അത്യന്തം കൃത്യതയോടെ ചെയ്യുന്നു എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉറപ്പാക്കേണ്ടതും ഇതിനാവശ്യമായ സ്റ്റേറ്റ്മെന്റുകൾ സംഘം നിയമാനുസൃതം ആഡിറ്റർക്ക് സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്

കെ. കേശവൻ

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്)

1. എല്ലാ പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾക്കും /പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) നുഖേന)
2. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ/ ആഡിറ്റ്) മാർക്കും
3. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)

4. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക് തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ സംസ്ഥാന സഹകരണ കാർഷിക വികസനബാങ്ക്, തിരുവനന്തപുരം

5. ജനറൽ മാനേജർ, ജില്ലാസഹകരണ ബാങ്കുകൾ

ജോയിന്റ് രജിസ്ട്രാർ /കൺകറന്റ് ആഡിറ്റർമാർ, സംസ്ഥാനസഹകരണബാങ്ക് /ജില്ലാ സഹകരണബാങ്കുകൾ

6. എഡിറ്റർ, സഹകരണവീഥി

7. എഡിറ്റർ സഹകരണജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ

8. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവന്മാർക്കും

9. ജനറൽ സെക്ഷൻ

സഹകരണസംഘം രജിസ്ട്രാറുടെ / അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്

10. സ്റ്റോക്ക് ഫയൽ

11. സ്പെയർ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി